# ലിംഗപദവിയും വിമതലൈംഗികതയും

**ഡോ. ഷംഷാദ് ഹുസൈൻ**
പ്രൊഫസർ, സംസ്കൃതസർവകലാശാല, പ്രാദേശിക കേന്ദ്രം, തിരൂർ

സ്ത്രീ/പുരുഷൻ എന്ന ദ്വന്ദ്വകല്പനയെ അടിസ്ഥാനമാക്കിയതും അതിൽ ഉറപ്പിക്കപ്പെട്ടതുമായിരുന്നു പ്രധാനമായും സ്ത്രീപക്ഷ വിമർശനം. സ്ത്രീ -പുരുഷ ദ്വന്ദ്വത്തിന്റെ ജീവശാസ്ത്ര വ്യത്യാസങ്ങൾക്കപ്പുറത്ത് അതിന്റെ സാമൂഹികമാനങ്ങളെ വിമർശിച്ചുകൊണ്ടാണ് സ്ത്രീവാദ സിദ്ധാന്തങ്ങൾ തന്നെ അധികവും നിലനിന്നിരുന്നത്. ലിംഗപദവി യെ സംബന്ധിച്ച ധാരണകൾ തന്നെ എല്ലാക്കാലത്തും ഒരുപോലെയായിരുന്നില്ല. ലിംഗപദവി (Gender) എന്നതുതന്നെ ആൺ പെൺ ദ്വന്ദ്വത്തിലധിഷ്ഠിത മായ സിദ്ധാന്തങ്ങളിൽ നിന്ന് പലതരം ലിംഗപദവികൾ എന്ന കാഴ്ചപ്പാ ടിലേക്ക് മാറി വരുന്നതായി കാണാം. ലിംഗപദവിക്കടിസ്ഥാനമാക്കി യിരുന്ന ജീവശാസ്ത്ര വ്യത്യാസങ്ങളെ (sex) തന്നെ ചോദ്യം ചെയ്യുകയും അട്ടിമറിക്കപ്പെടുകയും ചെയ്തതോടെ സ്ത്രീവാദത്തിന്റെ അടിസ്ഥാന സങ്ക ല്പനങ്ങൾ തന്നെ മാറ്റി മറിക്കപ്പെടുന്നതായി കാണാം. സ്ത്രീവാദാനന്തര സ്ത്രീവാദം (post feminism) എന്നോ സ്ത്രീവാദങ്ങൾ (feminisms) എന്നോ പല പേരിൽ ഇതറിയപ്പെട്ടു. എന്തായാലും പുരുഷാധിപത്യം/സ്ത്രീകളുടെ അടിമത്വം എന്ന കേവലദ്വന്ദ്വത്തിനകത്ത് ഉൾച്ചേർക്കാവുന്ന വിഷയങ്ങ ളായിരുന്നില്ല പിന്നീടീ മേഖലയിലുണ്ടായ സംവാദങ്ങൾ. 'സ്ത്രീവാദത്തെ സന്ദിഗ്ധമാക്കുക' എന്ന ലേഖനത്തിൽ നിവേദിത മേനോൻ എഴുതുന്നു.

പ്രകടമായി ശത്രുതാപരമല്ലാത്തപ്പോൾപോലും ഫെമിനിസത്തിന്റെ സമീപനം ഇത്തരം ബദൽ ലൈംഗികപ്രയോഗങ്ങളെ വ്യത്യാസങ്ങ ളുടെ അംഗീകാരം, ന്യൂനപക്ഷാവകാശം എന്നീ നിലയ്ക്ക് സാധൂകരി ക്കുന്നതിൽ ഒതുങ്ങുന്നു. ഇത്തരം പ്രതികരണങ്ങൾ സ്വവർഗ്ഗലൈം ഗികതയുടെ പ്രാന്തവത്കരണത്തേയും 'വിചിത്രവത്കരണ'ത്തേയും ഏറെയൊന്നും ചെറുക്കുന്നില്ല. എന്നുതന്നെയല്ല, ഈ സമീപനം

ഫെമിനിസ്റ്റ് വീക്ഷണങ്ങളിലുൾച്ചേർന്ന വിധ്വംസക സാധ്യതകൾ സാക്ഷാത്കരിക്കുന്നതിൽ പൂർണ്ണപരാജയമടയുകയും ചെയ്യുന്നുണ്ട്.[1]

സ്വവർഗ്ഗ ലൈംഗികതയെ കേന്ദ്രീകരിച്ചുകൊണ്ടു സ്ത്രീവാദനിലപാടുകളെ വിമർശന വിധേയമാക്കുകയാണിവിടെ. ഭിന്നലൈംഗികതതന്നെയാണ് മേൽപറഞ്ഞ നിലപാടിലും സ്ത്രീവാദത്തിന്റെ അംഗീകൃത മാതൃകയായി തുടരുക എന്നാണവർ വിമർശിക്കുന്നത്. അടുത്തകാലത്തായി സ്ത്രീപക്ഷ വായനകൾക്കും വിശകലനങ്ങൾക്കും ലഭിച്ച ദൃശ്യതയെ എങ്ങനെയാണ് വായിക്കേണ്ടത് എന്നാലോചിക്കുന്ന ഒരു 'സമകാല ലിംഗസിദ്ധാന്തം നേരിടേണ്ട ചില സമസ്യകൾ' എന്ന ലേഖനത്തിൽ ഇങ്ങനെ പറയുന്നു.

സ്ത്രീകൾക്ക് പുതുതായി കൈവന്ന ഈ ദൃശ്യത നാമെങ്ങനെയാണ് 'വായിച്ചെടു'ക്കേണ്ടത്? ഇന്നത്തെ ലിംഗസിദ്ധാന്തത്തിനും ഫെമിനിസ്റ്റ് പ്രയോഗത്തിനുമായി ഇതെന്തിനെയാണ് പ്രതിനിധാനം ചെയ്യുന്നത്? ഇവിടെ ലിംഗപ്രശ്നം ആനയിക്കുന്ന എല്ലാവരെയും സംബന്ധിച്ചിടത്തോളം 'സ്ത്രീകൾ' എന്നാൽ സ്ത്രീവിമോചനവാദത്തിന്റെ കർത്താവ് (നിർവാഹക, അഭിസംബോധന ചെയ്യപ്പെടുന്നയാൾ, അന്വേഷണമേഖല) തന്നെയാണ്. അപ്പോൾ ഒരർത്ഥത്തിൽ ഈ പുതിയ ദൃശ്യത സ്ത്രീവിമോചന പ്രസ്ഥാനത്തിന്റെ വിജയത്തിന്റെ ഒരു സൂചകം തന്നെയാണ്. എന്നാൽ ഈ വിജയം സ്പഷ്ടമായും പ്രശ്നഭരിതം കൂടിയാണ്. ഫെമിനിസം വിമർശനാത്മകമാക്കിയ ഒട്ടേറെ പ്രശ്നങ്ങൾ ഇപ്പോൾ ആ മുൻകൈപ്രവർത്തനത്തെ അടക്കിവെയ്ക്കുകയും വഴിതിരിക്കുകയും ചെയ്യുന്ന പദ്ധതികളിലേക്ക് നിക്ഷേപിക്കപ്പെടുകയും കൂട്ടിച്ചേർക്കപ്പെടുകയും ചെയ്യുന്നു. സിവിൽസമൂഹത്തിലെ മറ്റു കീഴാള ശക്തികളുമായി (ഉദാഹരണത്തിന് ദലിതർ) ഐക്യത്തിനായി തുറന്നു കിട്ടുന്ന സാദ്ധ്യതകൾ പലപ്പോഴും തടസ്സപ്പെടുകയും അധീശസംസ്കാരത്തിനുള്ളിലെ ആസ്വാസ്ഥ്യജനകമായ കൂട്ടുകളിലേക്ക് ഫെമിനിസ്റ്റുകൾ വലിച്ചുടുപ്പിക്കപ്പെടുകയും ചെയ്യുന്നു. ഈ പ്രതിഭാസത്തിന്റെ പ്രത്യാഘാതങ്ങൾ മനസ്സിലാക്കാനാണ് ഞങ്ങളിവിടെ ശ്രമിക്കുന്നത്.[2]

സ്ത്രീവാദം പുതിയ കൂട്ടുകെട്ടുകളിലേക്കു പ്രവേശിച്ചുകൊണ്ട് രാഷ്ട്രീയത്തിന്റെ പുതുരൂപങ്ങളെ വിശദമാക്കാൻ തുടങ്ങിയ ഘട്ടമായി അവരതിനെ വിലയിരുത്തുന്നു. സ്ത്രീസത്ത, സംസ്കാരം, വിമോചനം ഇവയെ സംബന്ധിച്ചെല്ലാം നിലനില്ക്കുന്ന ഉറച്ചതും ചിരപ്രതിഷ്ഠിതവുമായ സങ്കല്പനങ്ങളെ പുതിയ സ്ത്രീവാദങ്ങൾ ആശ്രയിക്കുന്നില്ലെന്നു മാത്രമല്ല അവയെ നിരാകരിക്കുകയും ചെയ്യുന്നതു കാണാം. ദളിത് സ്ത്രീയുടെ

നില പ്രബല സ്ത്രീവാദത്തിൽനിന്നും സമുദായ താല്പര്യങ്ങളിൽനിന്നും എങ്ങനെ വ്യത്യസ്തമാകുന്നു എന്ന് രേഖാരാജ് എഴുതുന്നു.

പ്രബലസ്ത്രീവാദനിലപാടുകളിൽനിന്നു വ്യത്യസ്തമായ ഭൂമിയുടെ മേലുള്ള അവകാശം, അന്തസ്സോടെയുള്ള ജീവിതം, സുരക്ഷിതത്വം, സാംസ്കാരിക അധിനിവേശത്വം, പ്രതിനില തുടങ്ങിയ സവിശേഷമായ മുദ്രാവക്യങ്ങളും വിവാഹം, തെരഞ്ഞെടുപ്പ്, സഞ്ചാര സ്വാതന്ത്ര്യം, വിശ്വാസം തുടങ്ങിയവക്കുള്ള പുതിയ നിർവ്വചനങ്ങളും വഴി സ്ത്രീവാദ രാഷ്ട്രീയത്തെ പുതുക്കിപണിയുകയും ദളിത് സമുദായത്തിന്റെ പിതൃമേധാവിത്വമൂല്യങ്ങളോട് കലഹിക്കുകയും അതിന്റെ നിലപാടുകളിൽ സംവാദാത്മകമായി ഇടപെടുകയും ചെയ്യുന്ന സമകാലിക ദളിത് സ്ത്രീ രാഷ്ട്രീയം[3] എന്നാണ് ദളിത്-സ്ത്രീ രാഷ്ട്രീയത്തിന്റെ വ്യതിരിക്തതയെ അടയാളപ്പെടുത്തുന്നത്. ഇത്തരം വ്യത്യസ്തതകളെ മനസ്സിലാക്കുകയെന്നത് ഏതെങ്കിലും പ്രശ്നങ്ങളേയോ വ്യക്തിയനുഭവത്തെയോ കേന്ദ്രീകരിച്ചുകൊണ്ടുമാത്രം സാധ്യമാകുന്നതല്ല. ഭൂമിക്കുവേണ്ടിയുള്ള അവകാശം, പർദ്ദ, ആൺ-പെൺ ബന്ധങ്ങളിലധിഷ്ഠിതമായ സാമ്പ്രദായിക പ്രണയ/കുടുംബ സങ്കല്പങ്ങൾ എന്നിങ്ങനെയുള്ള ചില പ്രശ്നങ്ങളെ കേന്ദ്രീകരിച്ചുമാത്രം തീരുമാനത്തിലെത്താവുന്നതല്ല ഈ വ്യത്യസ്തത. അതിനകത്തു തന്നെ ആധീശമൂല്യങ്ങൾ പലതരത്തിൽ ഇടപെടലുകൾ നടത്തുന്നുണ്ട്. ഭൂമി ആഗ്രഹിക്കുക എന്നതിനെ പാപമായി കണക്കാക്കി ഭൂമിയിൽനിന്നൊരുവിഭാഗം ജനങ്ങളെ അകറ്റിനിർത്തുന്ന തന്ത്രങ്ങളെ തിരിച്ചറിയുമ്പോൾതന്നെ ഭൂമിയുടെ അവകാശത്തെ സംബന്ധിച്ച് വ്യത്യസ്ത കാഴ്ചപ്പാടുപുലർത്തുന്ന സിയാറ്റിൻ മൂപ്പന്റെ വാക്കുകൾ ഇവിടെ ഓർക്കാം. പർദ്ദ മൂന്നാം ലോകരാജ്യത്തിന്റെ പ്രതിരോധമായി കാണുന്ന നിലപാടും പുരുഷാധിപത്യത്തിന്റെ ചിഹ്നമായിക്കണ്ട് അതിനെ നിഷേധിക്കുന്ന നിലപാടും പ്രബലമാണ്. ഭിന്നലൈംഗികതയിലധിഷ്ഠിതമായ കുടുംബ/പ്രണയത്തെ വിമർശിക്കുമ്പോൾതന്നെ ഇത്തരം സ്ഥാപനങ്ങളെ തന്നെ നിഷേധിക്കുന്ന നിലപാടും ശക്തമാണ്. ഇങ്ങനെ പലതരത്തിൽ കെട്ടുപിണഞ്ഞു കിടക്കുന്നതാണിവയിലെ അധികാരബന്ധങ്ങൾ. ബെൽ ഹുക്സ് തന്റെ പുസ്തകത്തിൽ പറയുന്നതുപോലെ അധീശപരമായ (hegimonic) ഒരു ചിന്തയേയോ കാഴ്ചയേയോ മാത്രമല്ല നമ്മളെത്തന്നെ കണ്ടിരുന്ന രീതിയെ മാറ്റി ഭാവനചെയ്യാനും വിവരിക്കാനും നമ്മളെത്തന്നെ സ്വതന്ത്രമായി തിരിച്ചറിയാനുള്ള ഒരു കടമ കറുപ്പിനെക്കുറിച്ച് ചിന്തിക്കുന്നവർക്ക്/വിമർശിക്കുന്നവർക്കുണ്ട് എന്നാണ്[4].

ഇതുവരെ നാം പരിചയിച്ച/പിന്തുടർന്ന വിമർശനരീതികളെ അപ്പാടെ അഴിച്ചുപണിഞ്ഞുകൊണ്ടുമാത്രമേ പുതിയ സാഹിത്യവിമർശനവും ഈ മേഖലയിൽ നമുക്കു സാധ്യമാകൂ. സമുദായത്തത്തിന്റെ ഭാഗമെന്ന നിലയ്ക്കുള്ള സ്ത്രീപക്ഷ വിശകലനം മുമ്പും ഉണ്ടായിട്ടുണ്ടെങ്കിലും മുസ്ലീം സ്ത്രീയെ സംബന്ധിച്ച പഠനങ്ങൾ ഇത്തരത്തിൽ വിശകലനം ചെയ്തപ്പോൾ ഈ ലേഖികയുടെതന്നെ ശ്രദ്ധയിൽപെട്ടിട്ടുള്ള ഒരു കാര്യം ഇതിൽ ശക്തരായ മുസ്ലീം സ്ത്രീകൾ എന്നടയാളപ്പെടുത്തുന്നതു മുഴുവൻ സമുദായത്തിനെതിരെ പ്രതികരിക്കുന്ന സ്ത്രീകളെ മാത്രമാണ്. സമുദായത്തിനെതിരെ പ്രതികരിക്കുക എന്നത് സ്വീകാര്യമല്ലാത്തതുകൊണ്ടോ അതൊരു പോരായ്മയായി കണക്കാക്കുന്നതുകൊണ്ടോ അല്ല. അതു തീർച്ചയായും പോരോട്ടത്തിന്റെ ഒരുവഴിയായി അംഗീകരിക്കപ്പെടേണ്ടതു മാണ്. എങ്കിലും സമുദായത്തിനെതിരെ ശബ്ദിക്കുമ്പോൾ മാത്രമാണ് മുസ്ലീം സ്ത്രീ നിർവ്വാഹകത്വമുള്ളവളായി അടയാളപ്പെടുത്തപ്പെടുത്തപ്പെടുന്നത് എന്നതു മാത്രമാണിതിലെ പ്രശ്നം. സമുദായത്തിനെതിരെ പ്രതികരിക്കുന്നവളെന്ന നിലക്ക് പലപ്പോഴും ആഖ്യാനത്തിനകത്തെ യുക്തിയിൽ അവൾ സമുദായത്തിനുപുറത്തു നില്ക്കുന്നവളായിമാറിയിട്ടുണ്ടാകാം. ഇത്തരത്തിലുള്ള പഠനം നടത്താൻ ആ ടെക്സ്റ്റിനെ സൂക്ഷ്മമായി വിശകലനം ചെയ്യേണ്ടതുണ്ട്.

വിമതലൈംഗികതയെ മുൻനിർത്തിയുള്ള സാഹിത്യകൃതികൾ (ആത്മകഥകളടക്കം) അടുത്തകാലത്ത് പ്രസിദ്ധീകരിക്കപ്പെട്ടെങ്കിലും ഇവയെ കേന്ദ്രീകരിച്ചുകൊണ്ടുള്ള വിമർശനങ്ങൾ മലയാളത്തിൽ വളരെ കുറവാണെന്നു കാണാം. സാഹിത്യകൃതികൾ പ്രസിദ്ധീകരിച്ച കാലയളവിൽവന്ന നിരൂപണങ്ങളല്ലാതെ ഈ മേഖലയിൽ ആഴത്തിലുള്ള പഠനങ്ങളില്ല. അതുകൊണ്ടുതന്നെ ഗവേഷണങ്ങൾക്കും പഠനങ്ങൾക്കും സാധ്യതയും ആവശ്യവുമുള്ള മേഖലയാണിത്. ഇത്തരം പഠനങ്ങൾക്കുള്ള സാധ്യതയെ വിശദീകരിക്കാനുള്ള സൗകര്യത്തിനായി മൂന്നായി ഇവിടെ വർഗ്ഗീകരിക്കുകയാണ്. സ്വവർഗ്ഗാനുരാഗത്തെ പ്രകടമായ തരത്തിൽതന്നെ ആവിഷ്കരിച്ചിട്ടുള്ള ധാരാളം എഴുത്തുകാർ നമുക്കുണ്ട്. മാധവിക്കുട്ടി, വി.കെ.എൻ, എൻ.പി. മുഹമ്മദ്, ബഷീർ തുടങ്ങി പഴയ തലമുറയിൽപ്പെട്ട എഴുത്തുകാർ. ഏറെ ശ്രദ്ധിക്കപ്പെടാതെപോവുകയോ അവഗണിക്കപ്പെടുകയോ ചെയ്ത ഇത്തരം എഴുത്തുകളെ വീണ്ടെടുക്കുകയും അവയിലെ സവിശേഷഭാവുകത്വത്തെ അടയാളപ്പെടുത്തുകയും ചെയ്യുന്ന രീതിയാണ് ഒന്നാമത്തേത്. ഇതിന് മികച്ച ഉദാഹരണമാണ് ടി. മുരളീധരൻ 'രണ്ടുപെൺകുട്ടികൾ' എന്ന നോവലിനെഴുതിയ പഠനം. 1974-ലാണ് വി.ടി. നന്ദകുമാറിന്റെ ഈ നോവൽ ആദ്യമായി

പ്രസിദ്ധീകരിക്കപ്പെടുന്നത്. തുടർക്കഥയായിത് പ്രസിദ്ധീകരിച്ചു വന്ന പ്പോൾ ഇതിന് ധാരാളം വായനക്കാരുണ്ടായിരുന്നതായി വി.ടി. നന്ദകു മാർ രേഖപ്പെടുത്തുന്നുണ്ട്. എന്നാൽ ഈ പഠനത്തിനായി 'രണ്ടുപെൺ കുട്ടികൾ' അന്വേഷിച്ചു നടന്നതിനെക്കുറിച്ച് ടി.മുരളീധരൻ എഴുതുന്നു.

അങ്ങനെ ഞാൻ 'രണ്ടു പെൺകുട്ടികളുടെ' ഒരു കോപ്പി ലഭിക്കുന്നതി നുള്ള എന്റെ അന്വേഷണത്തിന് ആരംഭം കുറിച്ചു. ശ്രമകരമായ അന്വേ ഷണദൗത്യത്തിനവസാനത്തിൽ, യാദൃച്ഛികമായി എന്റെ കോളേജ് ലൈബ്രറിയിലെ അലമാരയിൽ, അലക്ഷ്യകോണിൽ, പൊടിപിടിച്ച നിലയിൽ ഞാൻ പുസ്തകം കണ്ടെത്തുകയാണുണ്ടായത്.[5]

പഠനത്തിനൊടുവിലും ഈ പുസ്തകത്തോടു പുലർത്തിയ അവഗണ നയെ സൂചിപ്പിക്കുന്നുണ്ട്.

കേരളത്തിലെ ആധുനിക യുവതലമുറയ്ക്ക് വായിച്ചാസ്വദിക്കുവാൻ കഴിയുന്ന ഒന്നാണ് 'രണ്ടു പെൺകുട്ടികൾ' എന്ന ശക്തമായ ഒരഭിപ്രായം എന്നിൽ രൂപപ്പെട്ടു കഴിഞ്ഞിരുന്നു. പക്ഷേ, നിർഭാഗ്യമെന്നു പറയട്ടെ, പുസ്തകത്തിന്റെ കോപ്പികൾ പുസ്തകശാലകളിൽനിന്ന് ദീർഘനാളുക ളായി 'ഗ്രഹണ' അവസ്ഥയിലായിരിക്കുന്നു. പ്രാദേശിക വായനശാലക ളിലെ കോപ്പികളാണെങ്കിൽ കീറിപ്പറിഞ്ഞ് വായിക്കുവാൻ നിർവ്വാഹമി ല്ലാത്ത ദുരവസ്ഥയിലും. ഇപ്പോൾ പുതിയ രൂപത്തിലും ഭാവത്തിലും പുസ്ത കത്തിനു പുത്തൻപതിപ്പ് ഇറങ്ങുന്നു എന്ന വാർത്ത അത്യന്തം ആഹ്ലാ ദകരം തന്നെ.[6]

ഇത് കേവലമൊരു പുസ്തകത്തോടുള്ള വൈമനസ്യം മാത്രമല്ല ഇതി ലാവിഷ്കരിക്കപ്പെട്ട സവിശേഷ പ്രണയത്തോടുള്ള മനോഭാവം കൂടിയാ ണെന്ന് വ്യക്തമാണ്. ഈ കൃതിയുടെ ആത്മാവായിട്ടുള്ളത് ലസ്ബിയ നിസമാണെന്ന് എഴുത്തുകാരൻ വ്യക്തമാക്കിയിട്ടുണ്ട്.

ലെസ്ബിയനിസം—അതായത് സ്ത്രീ-സ്ത്രീ പ്രേമബന്ധം—ഇന്ന് സാർവ്വത്രികമാണ്. വികാരജീവികളായ കേരളീയയുവതികളിൽ— പെൺകുട്ടികളിൽ ഈ ആവേശം ഏറെ കൂടുതൽ വളർന്നിരിക്കുന്നെ ന്നാണ് എന്റെ അഭിപ്രായം. ആരോഗ്യപരമായ ഗുണാംശങ്ങൾ ഉള്ള തിനാൽ അത്തരം ബന്ധങ്ങൾ ആവശ്യമാണുതാനും.

ഈയിടെ—ഇതെഴുതുംമുമ്പ്—പുറത്തുവന്ന ഇതേപേരിലുള്ള എന്റെ കഥയുടെ ചലച്ചിത്രാവിഷ്കരണം പെൺകുട്ടികൾപോലും തഴഞ്ഞത്രേ. കാരണം, ആ ചലച്ചിത്രത്തിൽ; ലെസ്ബിയനിസം—എന്റെ കഥയുടെ ആത്മാവ്—ഇല്ലായിരുന്നു എന്നതാണത്രേ. 'രണ്ടു പെൺകുട്ടികൾ'

എത്രയധികം വായിക്കപ്പെടുന്നു എന്നതിന്റെ ഏകസൂചികയാണ് ഈ രണ്ടാംപതിപ്പ്.[7]

എന്നുമാത്രമല്ല ലെസ്ബിയനിസത്തിന്റെ വളർച്ചക്കും തളിർപ്പിനും വേണ്ടി പ്രാർത്ഥിച്ചു കൊണ്ടാണീ മുഖവുര അദ്ദേഹം അവസാനിപ്പിക്കുന്നതും. ധാരാളം വായനക്കാരുണ്ടായിരുന്നിട്ടും എഴുത്തുകാരനത്തരത്തിൽ പ്രതികരണങ്ങൾ ലഭിച്ചിട്ടും മുഖ്യധാരാ സാഹിത്യസംവാദങ്ങളും ചർച്ചകളും നോവലിനെ ഒഴിച്ചുനിർത്തിയതെന്തുകൊണ്ടാണെന്നിത് വ്യക്തമാക്കുന്നുണ്ട്. ഗിരിജയും കോകിലയും തമ്മിലുള്ള പ്രണയത്തെ ഇത്ര തുറന്നാവിഷ്കരിച്ചതും അതിനെ ഒരു സാഹിത്യകൃതിയുടെ ആത്മാവായിക്കണ്ടതും വലിയൊരളവിൽ ഈ അവഗണയ്ക്കു കാരണമായിട്ടുണ്ട്.

കാലത്തിനുമുമ്പെ പിറവിയെടുത്തതു കൊണ്ടാവാം ഈ നോവൽ ശ്രദ്ധിക്കപ്പെടാതെ പോയതെന്നാണ് ടി.മുരളീധരൻ ഇതിനുകണ്ടെത്തിയ കാരണം. നോവലിലെ പ്രണയത്തെക്കുറിച്ച് അദ്ദേഹം എഴുതുന്നു:

"സ്വവർഗ്ഗപ്രേമത്തിന്റെ സ്വച്ഛസുരഭില ഭാവങ്ങൾ ആവാഹിച്ച നോവൽ ആദ്യമാദ്യം എനിക്കവിശ്വസനീയമായി അനുഭവപ്പെട്ടു. പിന്നെപ്പിന്നെ വരികൾക്കിടയിലെ ആർജ്ജവം; നിഷിദ്ധവിഷയത്തെ തികച്ചും ലാഘവത്തോടെ കൈകാര്യംചെയ്ത നോവലിന്റെ ചങ്കുറ്റം എന്റെ മനസ്സിൽ കത്തിക്കയറുകയായിരുന്നു! മലയാളിയുടെ കപടസാന്മാർഗ്ഗികാവബോധത്തിന്റെ വ്യാജമറയിൽ വിള്ളൽ സൃഷ്ടിക്കാനും അനുവാചകനെ സ്വന്തം ആന്തരികാഭിലാഷങ്ങളുടെ സത്യസന്ധമായ ഒരന്വേഷണത്തിലേയ്ക്കു നയിക്കാനും പര്യാപ്തമായ ശക്തിമത്തായ ഒരു രചനയാണിതെന്ന് എനിക്കനുഭവപ്പെട്ടു.[8]

രണ്ടുപെൺകുട്ടികളും സാധാരണ വിവാഹബന്ധത്തിലേക്കു പ്രവേശിക്കുന്ന നോവലിന്റെ അവസാനഭാഗത്തെക്കുറിച്ചും വളരെ ശ്രദ്ധേയമായ നിരീക്ഷണമാണ് ടി.മുരളീധരൻ നല്കുന്നത്. ഇന്ത്യയിലെ സ്വവർഗ്ഗാനുരാഗത്തിന്റെ ചരിത്രം രേഖപ്പെടുത്തുന്ന പുസ്തകത്തിൽ റൂത്ത് വനിതക്കു വേണ്ടിയാണിത് അദ്ദേഹം തർജ്ജമചെയ്തയക്കുന്നത്. അദ്ദേഹം എഴുതുന്നു.

നോവലിന്റെ അവസാനഭാഗത്ത് നായികമാരായ ഗിരിജയും കോകിലയും പുരുഷന്മാരുമൊത്ത് സാധാരണവിവാഹജീവിതത്തിലേക്ക് പ്രവേശിക്കുകയാണ്. ഇത് റൂത്തിന് ഉൾക്കൊള്ളാൻ കഴിയുമോ എന്ന ഒരു സാമാന്യശങ്ക എന്നിൽ ഉടലെടുക്കാതിരുന്നില്ല. പുസ്തകം പ്രസിദ്ധീകൃതമായ എഴുപതുകളിൽ, സ്വവർഗ്ഗപ്രസ്ഥാനം

അമേരിക്കയിൽത്തന്നെ ശൈശവദിശയിലായിരുന്നുവെന്നത് എനിക്ക് പ്രതീക്ഷയേകി. ആ കാലഘട്ടത്തിൽ ഇപ്രകാരത്തിലുള്ള ഒരു 'ഹെട്രോ സെക്സിസ്റ്റ്' അവസാനമല്ലാതെ മറ്റൊന്നും ആഖ്യാനവത്കരിക്കാൻ നോവലിസ്റ്റിന് സാധിക്കുമായിരുന്നില്ല. അദ്ദേഹത്തിന്റെ രചന ഉയർത്തിവിടുന്ന വാദകോലാഹലങ്ങളും സാംസ്കാരിക പശ്ചാത്തലങ്ങളുടെ സമ്മർദ്ദവും പ്രേരകശക്തിയായി വർത്തിച്ചിരിക്കണം.

ഗിരിജയും കോകിലയും ഒരൊളിച്ചോട്ടത്തിലൂടെ ഒന്നായി ജീവിയ്ക്കുന്നത് നോവലിന്റെ യഥാർത്ഥമായ നങ്കൂരത്തിന് ക്ഷതം വരുത്തുമെന്ന് അദ്ദേഹം മനസ്സിലാക്കിയിരിക്കണം.[9]

റൂത്ത് വനിതക്കിത് സ്വീകാര്യമാവുമോ എന്ന ആശങ്കയാണിതിൽ പ്രകടിപ്പിക്കുന്നതെങ്കിലും ഇന്നും പലപ്പോഴും ഭിന്നലൈംഗികതാ മൂല്യങ്ങൾക്കകത്തുതന്നെ കൂപ്പുകുത്തിവീഴുന്ന അനേകം ആഖ്യാനങ്ങളെ വിശദീകരിക്കാനുള്ള വിശാലമായവഴിതന്നെ ഇവിടെ തുറക്കപ്പെടുന്നതു കാണാം.

ഈ പഠനം ഉൾപ്പെടുത്തി റൂത്ത് വനിതയും സലീം കിദ്വായ്യും ചേർന്ന് എഡിറ്റുചെയ്ത Same Sex Love In India—A Literary History എന്ന ഗ്രന്ഥത്തിന്റെ മാതൃകയിൽ മലയാളത്തിനുതന്നെ വിമത ലൈംഗികതയുടെ ചരിത്രം നിർമ്മിക്കാനാകും. സ്വവർഗ്ഗാനുരാഗത്തെ ആത്മാവായല്ലെങ്കിൽപോലും നേർത്തും നീലിച്ചും പല നിലകളിൽ അത് മലയാള സാഹിത്യത്തിലാവിഷ്കരിക്കപ്പെട്ടിട്ടുണ്ട്. ഇവയെല്ലാം ഒരു കുടയ്ക്കുകീഴിൽ കൊണ്ടുവരുന്നു എന്നതിന്റെ ശക്തിമാത്രമല്ല സാഹിത്യചരിത്ര വിജ്ഞാനത്തെ മുൻനിർത്തി സ്ത്രീവാദികളായ സൈദ്ധാന്തികർ ചെയ്തതുപോലെ സാമ്പ്രദായിക ഘട്ടവിഭജനങ്ങളെ പുനർനിർണ്ണയിക്കുന്ന ഒന്നായി ഇതുമാറാം. പ്രണയം/കുടുംബം പോലുള്ള സ്ഥാപനങ്ങളെ ഭിന്ന ലൈംഗികതയുടെ കുറ്റിയിൽകെട്ടി വട്ടംചുറ്റിച്ച സാഹിത്യമൂല്യങ്ങളെ ചോദ്യംചെയ്യാനും ഭിന്ന ലൈംഗികതയുടെ മൂല്യങ്ങളിൽ നിന്നവയെ മോചിപ്പിക്കാനും ഇത്തരമന്വേഷണങ്ങൾക്കു കഴിയും.

മറ്റൊരുരീതി സമൂഹസമ്മതമായ മാർഗ്ഗങ്ങളിലൂടെ ആവിഷ്കരിക്കുന്ന സ്വവർഗ്ഗാനുരാഗത്തിന്റെ സൂക്ഷ്മസ്വരങ്ങളെ തിരിച്ചറിയുകയെന്നതാണ്. പ്രകടമായി ആവിഷ്കരിക്കാൻ പറ്റാത്തിടത്ത് അനേകം സൂചകങ്ങളിലൂടെ, ഏറ്റവും മനോഹരമായ പ്രതീകങ്ങളിലൂടെയോ രൂപകങ്ങളിലൂടെയോ ഇതിനെ സാഹിത്യത്തിൽ ആവിഷ്കരിച്ചവരുണ്ടാകാം. ഇതിനെ കണ്ടെടുക്കുകയും വിശകലനം ചെയ്യുകയും ഏറ്റവും ആഹ്ലാദകരമായ അനുഭവമായിരിക്കും. ദമിതമാക്കിവെച്ച് ആവിഷ്കാരത്തിന്

പുതുവഴിതേടുന്ന ഇത്തരം കൃതികളിലാവും തീവ്രവും ഭാവനാത്മകമായും സ്വവർഗ്ഗാനുരാഗം ആവിഷ്കരിക്കപ്പെടുന്നത്. സിനിമയെ മുൻനിർത്തിയാണിത്തരം പഠനങ്ങളധികവും പുറത്തുവന്നിട്ടുള്ളത്. സാഹിത്യത്തിൽ സി.വി.കൃതികളെയും കുഞ്ഞുണ്ണി കവിതകളെയുമെല്ലാം ഇത്തരത്തിൽ വായിച്ചെടുക്കാനുള്ള ശ്രമം ഷാൻ പി.എ.യുടെ പഠനത്തിൽ കാണാം. എന്നാൽ ലൈംഗികതയുമായി ബന്ധപ്പെട്ടുനില്ക്കുന്ന സമൂഹത്തിന്റെ മുൻവിധികളെയും ധാരണകളെയും അതേപടി സ്വീകരിക്കുകതന്നെയാണീ പഠനത്തിൽ എന്നുകാണാം.

അഴകുള്ള പെണ്ണുങ്ങൾക്കഞ്ഞൂറു മോഹം
അഴകില്ലാപെണ്ണുങ്ങൾക്കായിരം മോഹം
ആണത്തമില്ലാത്തോരാണുങ്ങൾക്കയ്യോ
അറുപതിനായിരം മോഹം

കുഞ്ഞുണ്ണിമാഷിന്റെ ഈ കവിതയെ ഷാൻ വിശകലനം ചെയ്യുന്നതിങ്ങനെ:

"കുള്ളനു കാമം കൂടുമെന്നു പറഞ്ഞ കവി, ആണത്തമില്ലാത്തവന് മോഹംകൂടുമെന്നും പറയുന്നു. ആണത്തമില്ലായ്മയെ ശകാരിക്കുന്നതിലൂടെ സ്വയം ശിക്ഷിച്ചു സംതൃപ്തമാകുന്ന ആത്മരക്ഷോപായമാണ് പ്രാവർത്തികമാകുന്നത്."[9] എന്നാണ് വിശദീകരിക്കുന്നത്. അതേസമയം ലൈംഗിക ശേഷിയായി ആണത്തത്തെ നിർവ്വചിച്ചുവെച്ച സമൂഹത്തിന്റെ മുൻധാരണകളെ അദ്ദേഹം അതേപടി സ്വീകരിക്കുകയാണ്. മറ്റൊരു ഭാഗത്ത് ഇങ്ങനെ പറയുന്നു:

"ഈ അപകർഷത്തെ മറികടക്കാനുള്ള ഒരു മാർഗ്ഗം ഉൾവലിയലിന്റേതാണ് അത് അവനവനെ ഭുജിക്കുന്നതിലേക്കും എതിർവർഗ്ഗത്തോടുള്ള ഭയപ്പാടിലേക്കും നയിക്കാം. ഈ ഭയം വെറുപ്പായോ അകൽച്ചയായോ രൂപപ്പെടുന്നതോടെ, സ്വവർഗ്ഗകാമനകളിലേക്ക് ലൈംഗികോർജ്ജം പ്രവഹിക്കുന്നത് സ്വാഭാവികവുമാണ്".[10]

അപകർഷത, എതിർവർഗ്ഗത്തോടുള്ള ഭീതി തുടങ്ങിയ കുറെ കാരണങ്ങൾ കണ്ടെത്തി ന്യായീകരിക്കേണ്ട ഒന്നാണദ്ദേഹത്തിന്റെ കാഴ്ചപ്പാടിൽ സ്വവർഗ്ഗകാമന. സ്വാഭാവികമായി രൂപപ്പെടുന്ന ചോദനയല്ല. ഫ്രോയിഡിന്റെ സിദ്ധാന്തങ്ങളെ അമിതമായാശ്രയിക്കുന്ന അദ്ദേഹത്തിന്റെ നിരീക്ഷണങ്ങളെല്ലാം ഭിന്നലൈംഗികതയുടെ കെണികളിൽ കുടുങ്ങിപ്പോവുകയാണ്.

പ്രശസ്ത എഴുത്തുകാരി സാറാ ജോസഫിന്റെ ആളോഹരി ആനന്ദത്തെക്കുറിച്ച് ദീലീപ് രാജ് ഇങ്ങനെ കുറിക്കുന്നു:

"അനുഗൃഹീത രചയിതാവായ സാറാജോസഫിന്റെ 'ആളോഹരി ആനന്ദം' കേവലം പ്രചാരണസാഹിത്യംപോലെ ജീവനില്ലാതെ ആയിപ്പോയത്, വിമത ആനന്ദത്തെ കല്പന ചെയ്യുന്നതിലെ ഭാവനാച്ചുരുക്കം കൊണ്ടാണ്. ആളോഹരി അല്ല ആനന്ദം, പരമാവധി ആണ്. വിമത പരമാനന്ദം സങ്കല്പിക്കണമെങ്കിൽ, ഭാവനയുടെ ബദൽ സമയങ്ങളിൽ, സ്ഥലങ്ങളിൽ കേറി താമസിക്കണം. ഈ അർഥത്തിൽ ആണ് ലൈംഗിക തെരഞ്ഞെടുപ്പിനുള്ള സ്വാതന്ത്ര്യം പ്രധാനമാവുന്നത്".[11]

അനുഗൃഹീത എഴുത്തുകാരി എന്നദ്ദേഹം വിശേഷിപ്പിക്കുമ്പോൾതന്നെ വിമതലൈംഗികതയെ കല്പനചെയ്യുന്നതിലെ ഭാവനാ ചുരുക്കത്തെ ദിലീപ് വിമർശിക്കുന്നു. ഇത് ആ നോവലിനെ കേന്ദ്രീകരിച്ച് എഴുതപ്പെട്ട ഒരു പഠനമല്ലെങ്കിൽപോലും ഇക്കാലഘട്ടത്തിൽ ഇത്തരത്തിലുള്ള സൂക്ഷ്മമായ വിശകലനത്തിന് ഏറെ പ്രസക്തിയുണ്ട്. വിമത ലൈംഗികതക്ക് ഒട്ടൊക്കെ അംഗീകാരവും ദൃശ്യതയും കൈവന്ന ഈ ഘട്ടത്തിൽ അതിനെ എങ്ങനെ ആവിഷ്കരിച്ചിരിക്കുന്നു എന്ന അന്വേഷണങ്ങൾക്കാണ് ഇനി സാധ്യതയുള്ളത്.

കുറിപ്പ്

1. രേഷ്മ ഭരദ്വാജ് (എഡി.) മിഥ്യകൾക്കപ്പുറം സ്വവർഗ്ഗലൈംഗികത കേരളത്തിൽ 2004. സി.ഡി ബുക്സ് കോട്ടയം. എന്ന പുസ്തകത്തിലുൾപ്പെട്ട ലേഖനം.
2. സൂസിതാരു, തേജസ്വിനി നിരഞ്ജന എന്നിവർ ചേർന്നെഴുതിയ ലേഖനം. കീഴാള പഠനങ്ങൾ സൂസിതാരു, എസ്. സഞ്ജീവ് (എഡി.) 2008 സി.ഡി. ബുക്സ് കോട്ടയം.
3. രേഖാരാജ്, 'ദളിത് സ്ത്രീ ഇടപെടലുകൾ കേരളത്തിൽ' എന്ന ലേഖനം. ആഖ്യാനം സാന്നിധ്യം സൗന്ദര്യം (എഡി.) എം.ബി. മനോജ് 2013 വിദ്യാർത്ഥി പബ്ലിക്കേഷൻ കോഴിക്കോട്.
4. Bell Hooks–Black Looks: Race and Representation 1992,South End Press Boston, MA പുറം-
5. മുരളീധരൻ ടി. ആമുഖം. രണ്ടുപെൺകുട്ടികൾ—വി.ടി.നന്ദകുമാർ 1999 സി.ഐ.സി.സി.ബുക് ഹൗസ് എറണാകുളം.
6. Ibid പുറം 19-20.
7. രണ്ടാം പതിപ്പിന് മുഖവുര—വി.ടി.നന്ദകുമാർ പുറം-7,ibid.
8. Ibid
9. ഡോ.ഷാൻ പി.എ., സ്വവർഗ്ഗാനുരാഗം 2016 താമര ലിറ്ററേച്ചർ, കോട്ടയം. പുറം 133.
10. Ibid പുറം 134.
11. ദിലീപ് രാജ്- 'ലിംഗമില്ലാത്ത ശരീരം എന്ന പാഠം ഉണ്ടാകേണ്ടതുണ്ട്'. സമകാലിക മലയാളം വാരിക 2014 ഫെബ്രുവരി 14 പുറം 12-13.